LIBRARY ARCHIVES Kerala Legislative Assembly

നടപ്പാത കയ്യേറിയുള്ള അനധികൃത പാർക്കിംഗും വ്യാപാരവും

186 (3006) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാത കയ്യേറി അനധികൃത പാർക്കിംഗും വ്യാപാരവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കയ്യേറ്റംമൂലം കാൽനടയാത്രക്കാർ റോഡിലൂടെ നടക്കേണ്ട അവസ്ഥയുണ്ടാകുന്നതായും നിരവധി അപകടങ്ങൾ സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വ്യാപാരവും പാർക്കിംഗും തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുനടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഉണ്ട്. നടപ്പാത കയ്യേറിയുള്ള വ്യാപാരവും പാർക്കിംഗും തടയുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം വ്യാപാരങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കും വ്യാപാരികൾക്കും നോട്ടീസ് നൽകിയായത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത പാർക്കിംഗ് നടത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് നോട്ടീസ് നൽകി പാർക്കിംഗ് ഒഴിവാക്കാൻ നിർദ്ദേശം നൽകുകയും വീണ്ടും വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്ക് RRR 15 r/w 177 of MV Act, Sec.122 r/w 177 എന്നിവ പ്രകാരം 100 രൂപ പിഴയായി ഈടാക്കുന്നുമുണ്ട്. അനധികൃതമായി വാഹനം പാർക്ക് ചെയ്ത് തടസ്സം സൃഷ്ടിക്കുകയും കാൽനട യാത്രക്കാർക്കും മറ്റു വാഹന യാത്രക്കാർക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യുന്ന വാഹന ഡ്രൈവർമാർക്കെതിരെ Sec.283 of IPC, Sec 120(b) of KP Act എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീമതി ശ്വേതാമേനോൻ അപമാനിക്കപ്പെട്ട സംഭവം

187 (3007) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013 നവംബർ മാസം രണ്ടാം തീയതി കൊല്ലത്ത് നടന്ന മൂന്നാമത് പ്രസിഡന്റ് ട്രോഫി ജല ഉത്സവ വേദിയിൽ നടി ശ്രീമതി ശ്വേതാമേനോൻ